LIBRARY ARCHIVES Kerala Legislative Assembly

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായി കടവ് പാലം

271 (4903) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായി കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് ഉത്തരവു പ്രകാരമാണ്; അടങ്കൽ തുക എത്രയാണ്;

(ബി) ടെണ്ടർ ചെയ്തത് എപ്പോഴാണ്;

(സി) കരാറുകാരനുമായി എഗ്രിമെന്റ് വച്ചത് എപ്പോഴാണ്;

(ഡി) എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എപ്പോഴാണ്;

(ഇ) ഇപ്പോൾ പാലം നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിലാണ്;

(എഫ്) ബാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-7-2009- ലെ സ.ഉ (സാധാ) നമ്പർ 1044/09/പൊ.മ.വ (പ്രകാരം) 523 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 20-9-2011-ലാണ് ടെണ്ടർ ചെയ്തത്.

(സി) 13-12-2011-ലാണ് എഗ്രിമെന്റ് വച്ചത്.

(ഡി) 12-6-2013-ൽ ആണ് പണികൾ പൂർത്തീകരിക്കേണ്ടിയിരുന്നത്.

(ഇ&എഫ്) മണക്കായിക്കടവ് പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ കരാറുകാരന് പ്രവൃത്തി പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ 12-3-2014-ലെ സ.ഉ. (സാധാ) നമ്പർ 432/14/പൊ.മ.വ. പ്രകാരം മേൽ പ്രവൃത്തിയിൽ നിന്നും കരാറുകാരനെ നിരുപാധികം ഒഴിവാക്കിയിട്ടുണ്ട്. ഇപ്പോൾ മട്ടന്നൂർ മുനിസിപ്പാലിറ്റി പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 475 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കുളിക്കടവുപാലം

272 (4904) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കുളിക്കടവുപാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് ഉത്തരവ് പ്രകാരമാണ്;